# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.3065

11/12/2014 ൽ
മറുപടിയ്ക്ക്

**കൊടകര പഞ്ചായത്തിലെ പുലിപ്പാറകുന്ന് കോളനിയിലെ പട്ടയ വിതരണം**

| ചോദ്യം<br>ശ്രീ.ബി.ഡി.ദേവസ്സി | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| എ) കൊടകര പഞ്ചായത്തിലെ പുലിപ്പാറകുന്ന് കോളനിയിലെ ഇപ്പോഴത്തെ കൈവശക്കാരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് പ്ലോട്ട് റീ അലോട്ട് ചെയ്യുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | എ) കൊടകര പഞ്ചായത്തിലെ കൊടകര വില്ലേജ് സർവ്വെ 1586/2 ൽ ഉൾപ്പെടുന്ന 53 സെന്റ് ഭൂമി പട്ടികജാതി വികസന വകുപ്പ് 1991-92 കാലഘട്ടത്തിൽ ഏറ്റെടുത്ത് 10 പട്ടിക ജാതി കുടുംബങ്ങൾക്ക് 4 സെന്റ് വീതം വിതരണം ചെയ്തിരുന്നു. ഇതിൽ 5 ഗുണഭോക്താക്കൾ സ്ഥലം കൈപ്പറ്റിയിട്ടില്ലാത്തതാണ്. ഉപേക്ഷിക്കപ്പെട്ടു കിടന്നിരുന്ന ആ 5 പ്ലോട്ടുകൾ കൈയ്യേറി 18 വർഷമായി കൈവശം വച്ച് വരുന്ന കൈയ്യേറ്റക്കാർക്ക് റീ അലോട്ട്മെന്റ് അനുവദിക്കുന്നതിനായി ആദ്യത്തെ അലോട്ട്മെന്റ് റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ പട്ടികജാതി വികസന വകുപ്പ് സ്വീകരിച്ച് വരുന്നു. |
| ബി) വർഷങ്ങളായി താമസിച്ച വരുന്നവർക്ക് പട്ടയം നൽകുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമോ? | ബി) പട്ടികജാതി വികസന വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ